**ഭരണഭാഷ-മാതൃഭാഷ**

IVO-1 - 30/ CA-1 /2023 **തീയതി: 05-12-2023**

**സുശീന്ദ്രൻ.കെ**
ഇന്റേണൽ വിജിലൻസ് ഓഫീസർ-1 &
കൺവീനർ
ഉപജില്ലാ അദാലത്ത് സമിതി-1
തദ്ദേശ സ്വയംഭരണ വകുപ്പ്
സിവിൽ സ്റ്റേഷൻ,കൊല്ലം

**ശ്രീ.അബ്ദുൾ സലാം / സീനത്ത്**
അജാസ് മൻസിൽ,
പനപ്പെട്ടി പോരുവഴി പി.ഒ,
കൊല്ലം
സർ,

വിഷയം : ത.സ്വ. ഭ. വ കൊല്ലം ജില്ല -പോരുവഴി ഗ്രാമപഞ്ചായത്ത്- സിറ്റിസൺ അസിസ്റ്റന്റ്- ഉപജില്ലാ അദാലത്ത് - പെർമിറ്റ് കാലാവധി തീർന്നതിനാൽ ഫൈൻ ഒടുക്കേണ്ടി വരുന്നതിന് ഇളവിനും വീട്ട് നമ്പർ ലഭിക്കുന്നതിനുമുള്ള പരാതി സംബന്ധിച്ച്

സൂചന :-1. താങ്കളുടെ 25/07/2023 തീയതിയിൽ ബഹു. കുന്നത്തൂർ എം.എൽ.എ യ്ക്ക് സമർപ്പിച്ച പരാതി
2. ഉപജില്ലാ അദാലത്ത് സമിതിയുടെ 22/11/2023 തീയതിയിലെ I(1)-ാം നമ്പർ യോഗ തീരുമാനം

മേൽ സൂചന പ്രകാരം പോരുവഴി ഗ്രാമപഞ്ചായത്തിൽ പോരുവഴി വില്ലേജിൽ പനപ്പെട്ടി മുറിയിൽ 3-വാർഡിൽ താമസിക്കുന്ന ശ്രീ അബ്ദുൾസലാം / സീനത്ത്, അജാസ് മൻസിൽ എന്നയാൾ ലഭ്യമാക്കിയ പരാതി പരിശോധിച്ചതിൽ പോരുവഴി ഗ്രാമപഞ്ചായത്തിൽ നിന്നും 22/03/2018 ൽ ടിയാന്റെ കെട്ടിട നിർമ്മാണത്തിന് പെർമിറ്റ് എടുത്തിരുന്നുവെന്നും കോവിഡ് കാലയളവായതിനാൽ പെർമിറ്റ് കാലാവധിക്കുള്ളിൽ യഥാസമയം പണി പൂർത്തീകരിക്കാൻ സാധിച്ചില്ലായെന്നും നിലവിൽ ഗ്രാമപഞ്ചായത്തിൽ നേരിട്ട് പോയി അന്വേഷിച്ചപ്പോൾ പുതുക്കിയ സർക്കാർ ഉത്തരവ് പ്രകാരം പെർമിറ്റ് ഫീസ് ഇനത്തിൽ വൻ വർധനവ് ഉണ്ടായിട്ടുണ്ടെന്നും പിഴയീടാക്കാതെ പഴയ പെർമിറ്റ് പുതുക്കി നൽകണമെന്നതാണ് പരാതിയിലെ ആവശ്യമായി ഉന്നയിച്ചിട്ടുള്ളത്.

ആയത് പരിശോധിച്ചതിൽ പെർമിറ്റ് പുതുക്കുന്നത് സംബന്ധിച്ചോ കെട്ടിടം ക്രമവത്ക്കരിക്കുന്നത് സംബന്ധിച്ചോ ശ്രീ.അബ്ദുൾസലാം പോരുവഴി ഗ്രാമപഞ്ചായത്തിൽ നിയമാനുസൃത അപേക്ഷ നൽകിയിട്ടില്ലാത്തതാണ്. ആയതിനാൽ 2019 ലെ കെട്ടിട

നിർമ്മാണ ചട്ടങ്ങൾ പ്രകാരം പോരുവഴി ഗ്രാമപഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ച് തുടർ നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് അറിയിക്കുന്നു.

വിശ്വസ്തതയോടെ,

(ഒപ്പ്)

സുശീന്ദ്രൻ.കെ
ഇന്റേണൽ വിജിലൻസ് ഓഫീസർ-1
എൽ.എസ്.ജി.ഡി
കൊല്ലം